# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.784 | 11.07.2016-ൽ<br>മറുപടിക്ക് |

## വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യാമെന്ന നിയമം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുള്ള** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) വസ്തു കൈമാറ്റ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച നിയമം സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 01.03.2016 ലെ ഐ.റ്റി.3/30120/10 നമ്പരിലുള്ളതും, 31.05.2016 ലെ 22-ാം നമ്പർ ഗസറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തിലൂടെ പ്രാബല്യത്തിൽ വന്നു. |
| ബി) ഈ നിയമം വഴി ആധാരമെഴുത്ത് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) ആധാരം രജിസ്ട്രേഷൻ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരാതിരഹിതമാക്കുന്നതിനും മേൽ വിജ്ഞാപനം സഹായകരമായിരിക്കും എന്നാണ് ഉദ്ദേശത്തിലൂടെ വിശദീകരിക്കുന്നത്. |
| സി) പുതിയ നിയമം റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് ഗുണകരമാവുമെന്നും അതുവഴി വസ്തു കൈമാറ്റ രജിസ്ട്രേഷന്റെ സുതാര്യത നഷ്ടമാവുമെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | സി) പ്രസ്തുത വിജ്ഞാപനം സംബന്ധിച്ച് ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ ഇപ്രകാരം ആരോപണമുണ്ട്. അവ പരിശോധിച്ച് വരുന്നു. |
| ഡി) പുതിയ നിയമത്തെ തുടർന്ന് രജിസ്ട്രേഷൻ വകുപ്പിൽ നിന്ന് വിരമിച്ചവർക്ക് ആധാരം തയ്യാറാക്കാൻ നൽകിയിരുന്ന ലൈസൻസ് റദ്ദാക്കപ്പെട്ടുമോ എന്ന് വ്യക്തമാക്കാമോ; | ഡി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 2016 മാർച്ച് 1-ാം തീയതി 519-ാം നമ്പരായി പ്രസിദ്ധീകരിച്ച ഐ.റ്റി.3/30120(1)/10 നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് 01.03.2016 മുതൽ ആധാരം |

| | | | |
|---|---|---|---|
| | | | തയ്യാറാക്കൽ, കൈപ്പട ലൈസൻസുകൾ നൽകുന്നില്ല. എന്നാൽ വിവേചനം ഒഴിവാക്കാൻ മുൻപ് നൽകിയ ലൈസൻസുകൾ റദ്ദാക്കേണ്ടിവരുമോ എന്ന് പരിശോധിക്കുന്നതാണ്. |
| ഇ) | രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഇ) | രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരീക്ഷകളിൽ വിജയിച്ചവരുടെ ലൈസൻസ് നിലനിൽക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**